

*വികാരിയിൽ നിന്ന്*



### ദൈവനാമം മഹത്വപ്പെടട്ടെ

കർത്താവിൽ പ്രിയരെ

"സ്വന്തം"എന്ന വാക്കിന് എന്തുമാത്രം ആഴമുണ്ടെന്ന് ചിന്തിച്ചിട്ടുണ്ടോ? മനസ്സിനെ ഇത്രമാത്രം തണുപ്പിക്കുന്ന വേറെ ഏതു വാക്കാണ് ഉള്ളത് . "എന്ന് നിന്റെ സ്വന്തം" എന്നെഴുതി സംഗ്രഹിച്ചിരിക്കുന്ന ഒരു കത്ത് നിങ്ങൾ വായിക്കുന്നെങ്കിൽ മറ്റ് വരികളൊക്കെ മറന്ന് ഒടുവിലത്തെ ആ രണ്ട് വാക്കുകളിൽ മനസ്സ് കുരുങ്ങാറില്ലേ?. സ്നേഹിച്ചും സ്നേഹിക്കപ്പെട്ടും മതിവരാത്തൊരു ഹൃദയം എല്ലാവരിലുമുണ്ട്. കൂടെ നടക്കാൻ സങ്കടങ്ങളും രാവുകളിൽ ഒപ്പം ഉണർന്നിരിക്കാൻ സ്വാന്തനിപ്പിക്കാൻ ഒരാളെയെങ്കിലും തിരയാത്തവരുണ്ടോ ? ഫോണിന്റെ അങ്ങേ തലക്കൽ പ്രിയമുള്ള ഒരാൾ വിതുമ്പുമ്പോൾ അയാൾക്ക് നൽകാവുന്ന ഏറ്റവും വലിയ സ്വാന്തനമെന്താണ് ? വിഷമിക്കാതിരിക്ക്, ഞാനുണ്ട് നിനക്ക് എന്നതല്ലേ. അങ്ങനെയാണ് ഏത് വിഷമ സന്ധികളെയും തരണം ചെയ്യാൻ ഒരാൾക്ക് കഴിയുന്നത്.

സ്വന്തമെന്നു കരുതാൻ ആരുമില്ലാത്ത മനുഷ്യനായിരിക്കണം ഭൂമിയിലെ ഏറ്റവും ദുർബ്ബലനായ മനുഷ്യൻ. സ്നേഹിക്കാനും സ്നേഹിക്കപ്പെടാനും ആരുമില്ലാത്ത ഒരാൾ കഠിനചിത്തനായിതീരും. ഒരിക്കൽ ഒരു ചെറുപ്പക്കാരൻ ഇങ്ങനെ പറഞ്ഞു കൂട്ടുകാരന്റെ വീട്ടിൽ പോകുന്നതും അവരെ ഫോണിൽ വിളിക്കുന്നതും എന്തിനെന്നറിയാമോ?. കുറെ നേരത്തെ മൗനത്തിനു ശേഷം അവൻ ഇപ്രകാരം പ്രതിവചിച്ചു. മോനെ എന്നവർ തന്നെ വിളിക്കുന്നത് കേൾക്കാനാണ്. നമ്മുടെ ചുറ്റുമുള്ളവർക്ക് സ്നേഹം പകർന്നു നൽകാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത് . പലപ്പോഴും അത് നൽകുവാൻ കഴിയാതെ പോകുന്നതാണ് നമ്മുടെ പ്രശ്നവും. ആത്മാർത്ഥത നിറഞ്ഞ സ്നേഹം ഒരാളെ തിന്മയിൽ നിന്ന് പിന്തിരിപ്പിക്കുക മാത്രമല്ല, കൂടുതൽ നന്മയിലേക്ക് നയിക്കും. മറ്റുള്ളവരെ നന്മയിലേക്ക് നയിക്കാനാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ആ വെല്ലുവിളി സത്യസന്ധമായി ഏറ്റെടുക്കാൻ കഴിഞ്ഞാൽ നാം അനുഗ്രഹിക്കപ്പെടും.

നാം വി.ബി.എസ്സ്.ന്റെ ക്രമീകരണത്തിലേക്ക് പ്രവേശിച്ച ല്ലോ. യേശുവുമായി ഓരോകുഞ്ഞിനേയും ബന്ധിപ്പിക്കുന്ന ഉദാത്തമായ ശുശ്രൂഷയാണ് ദൈവം നമ്മിൽ നിന്ന് പ്രതീക്ഷിക്കു ന്നത്. ഇപ്രാവശ്യത്തെ വി.ബി.എസ്സ്. അനുഗ്രഹകരമായി തീരുവാൻ നമ്മുടെ ആത്മാർത്ഥമായ പ്രാർത്ഥനനയും കൈത്താങ്ങലും ആവശ്യമാണന്ന് ഓർമ്മിപ്പികട്ടെ.

നമ്മുടെ ഇടയിൽ വേദന അനുഭവിക്കുന്ന ധാരാളം പേർ ഉണ്ട് എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. രോഗ സംബന്ധമായ പ്രയാസത്താൽ ആയിരിക്കുന്നവർ , ജോലി നഷ്ടപ്പെട്ടവർ, വിവാഹ പ്രായമെത്തിയിട്ടും തക്ക പങ്കാളികളെ ലഭിക്കാതെ വിഷമിക്കു ന്നവർ , കുടുംബ ജീവിതത്തിലേക്ക് പ്രവേശിച്ചിട്ടും തലമുറയി ല്ലാതെ ഭാരപ്പെടുന്നവർ............... ഇങ്ങനെ ഞാൻ എഴുതുമ്പോൾ ഹൃദയം വേദന കൊണ്ട് നിറയണം. അവരുടെ ഭാരം നമ്മുടെ വേദനയായി മാറണം. നമുക്ക് അറിയാവുന്ന ഇത്തരത്തിലുള്ള ആരെയെങ്കിലും എല്ലാ ദിവസവും നമ്മുടെ പ്രാർത്ഥനയിൽ ഉൾപ്പെ ടുത്തണം. നമ്മുടെ പ്രാർത്ഥനകൾ അവർക്ക് സ്വാന്ത്വനമായി തീരട്ടെ.

ആഗസ്റ്റ് മാസം 2-ാം തീയതി മിഷൻ സൺഡേ ആയി ക്രമീ കരിച്ചിരിക്കുന്നു. സുവിശേഷം എല്ലാവരിൽ നിന്നും എല്ലായി ടത്തേക്കും പ്രഘോഷിക്കപ്പെടണം. "ആകയാൽ നിങ്ങൾ പുറപ്പെട്ട് പിതാവിന്റെയും, പുത്രന്റെയും, പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ സകല ജാതികളെയും ശിഷ്യരാക്കിക്കൊൾവിൻ" . ദൈവം നമ്മെ ഏൽപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം ഭംഗിയായി നിർവഹി ക്കുവാൻ ദൈവം നമ്മെ സഹായിക്കട്ടെ.

ആഗസ്റ്റ് മാസം 9-ാം തീയതി വിശുദ്ധ മാമ്മോദീസ എന്നതാണ് സഭയായി നാം ചിന്തിക്കുന്നത്. വിശുദ്ധ മാമ്മോദീസയി ലൂടെ തിരു സഭയുടെ അംഗങ്ങൾ ആയി തീർന്ന നാം അതിലൂടെ ലഭ്യമായ പരിശുദ്ധാത്മാവിന്റെ അനുഭവങ്ങൾ മറ്റുള്ളവർക്ക് പകർന്ന് നൽകാൻ കടമപ്പെട്ടവരാണ്.

ആഗസ്റ്റ് മാസം 16-ാം തീയതി വെള്ളിയാഴ്ച സഭ നവീകരണ ദിനമാണ്. ദൈവ വചനമാണ് നവീകരണത്തിന്റെ മുഖ മുദ്ര. ദൈവ വചനത്തിലധിഷ്ഠിതമായ ജീവിതമേ ലക്ഷ്യ പ്രാപ്തി യില്ലെത്തുകയുള്ളൂ. നമ്മുടെ ജീവിതത്തെ ദൈവ വചനത്തിന്റെ അടിസ്ഥാനത്തിൽ ക്രമീകരിക്കുവാൻ നമുക്ക് കഴിയണം.

ആഗസ്റ്റ് മാസം 23-ാം തീയതി വെള്ളിയാഴ്ച വിശുദ്ധ കുർബ്ബാന : രക്ഷയും ആഘോഷവും എന്നതാണ് നാം ചിന്തിക്കുന്നത്. കർത്താവിന്റെ തിരുശരീരം നാം ഭക്ഷിക്കുന്നതി ലൂടെ തിരുരക്തം പാനം ചെയ്യുന്നതിലൂടെ മുറിക്കപ്പെടാനും, നൊമ്പരങ്ങളിലൂടെ രക്ഷയും സന്തോഷവും അനുഭവിക്കാനും ദൈവം നമ്മെ സഹായി ക്കട്ടെ.

സ്നേഹത്തോടെ സാമച്ചൻ.